## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4890

23.03.2018 ലെ മറുപടിയ്ക്ക്

**ക്ഷേമത്തിനും ഉന്നമനത്തിനുമായി കേന്ദ്ര-സംസ്ഥാന പദ്ധതികൾ**

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനായി നിരവധി കേന്ദ്ര-സംസ്ഥാന പദ്ധതികൾ ഉണ്ടെങ്കിലും, ഉയർന്ന പദ്ധതി വിഹിതം അവർക്കായി ചെലവിടുന്നുവെങ്കിലും പ്രസ്തുത വിഭാഗത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് അവ പര്യാപ്തമാകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>&<br>(ബി) | പട്ടികവിഭാഗക്കാർ ഇതര വിഭാഗങ്ങളോടൊപ്പം വികസന മുന്നേറ്റം ഉണ്ടാക്കിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവരുടെ പദ്ധതികളിൽ ഓരോ വർഷത്തേയും ആകെ പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം മാറ്റിവയ്ക്കുന്നുണ്ട്. കേരളത്തിൽ ജനസംഖ്യാനുപാതികമായതിനേക്കാൾ ഉയർന്ന നിരക്കിൽ പദ്ധതിവിഹിതം വകയിരുത്തുന്നുമുണ്ട്. ഈ തുക പൂർണ്ണമായും അവരുടെ സാമൂഹികവും, സാംസ്കാരികവുമായ പുരോഗതിയ്ക്ക് തന്നെയാണ് ചെലവഴിച്ചുവരുന്നത്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത മൂലമല്ല മറിച്ച് പൊതുസമൂഹത്തിന്റെ ചൂഷണം, അജ്ഞത, തനതു സംസ്കാരങ്ങളിലും വിശ്വാസങ്ങളിലും ഊന്നിയുള്ള ജീവിതരീതി, പൊതുധാരയിലെത്തുന്നതിനുള്ള വിമുഖത , ടി വിഭാഗങ്ങളുടെ ഇടയിൽ നിലനിൽക്കുന്ന വിദ്യാഭ്യാസപരവും, തൊഴിലധിഷ്ഠിതപരവുമായ പിന്നോക്കാവസ്ഥ എന്നിവ ടി വിഭാഗങ്ങളെ മുഖ്യധാരാ ജനസമൂഹത്തിൽനിന്നും ഒരുപടി പിന്നോട്ട് നയിച്ചിട്ടിട്ടുണ്ട്. ഏഴുലക്ഷത്തോളം പട്ടികവിഭാഗം വിദ്യാർത്ഥികൾ കേരളത്തിലെ വിദ്യാലയങ്ങളിൽ പഠനം നടത്തി വരികയാണ്. ഇവരുടെ പഠനത്തിനാണ് വലിയ പങ്ക് തുകയും ചെലവഴിക്കുന്നത്. |
| (ബി) | ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | | |

| | | | |
|---|---|---|---|
| (സി) | പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണത്തിനായി വിവിധ പദ്ധതികളിലൂടെ ധാരാളം തുക വിനിയോഗിച്ചെങ്കിലും, വാസയോഗ്യമായ ഭവനങ്ങൾ ഇല്ലാത്തവരുടെ എണ്ണം വർദ്ധിക്കുന്നത് പദ്ധതി നിർവ്വഹണത്തിലെ അഴിമതിയും കെടുകാര്യസ്ഥതയും, ഈ വിഭാഗങ്ങളുടെ അറിവില്ലായ്മയും മൂലമാണെന്നുള്ള യാഥാർത്ഥ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നാളിതുവരെയായി നടപ്പിലാക്കിയ പദ്ധതികളും അതിലൂടെ പ്രസ്തുത വിഭാഗങ്ങൾക്കുണ്ടായ നേട്ടങ്ങളും പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; ആയതിൻ പ്രകാരം ഓരോ പദ്ധതികളും കൃത്യമായി മോണിട്ടർ ചെയ്യുന്നുണ്ടോ; | (ഡി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് വകുപ്പുതല മോണിറ്ററിംഗ് സംവിധാനം പ്രവർത്തിച്ചു വരുന്നു. ഇതിലേയ്ക്ക് ബ്ലോക്ക്/ ജില്ലാ/പട്ടികജാതി വികസന ഓഫീസർമാരുടെ പ്രതിമാസ പദ്ധതി അവലോകന യോഗങ്ങൾ നടത്തി വരുന്നു. ടി യോഗങ്ങളിൽ പദ്ധതികളുടെ പ്രതിമാസ പുരോഗതി കൃത്യമായി വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ച് നടപ്പിലാക്കി വരുന്നു. ഇതിലുപരിയായി സെക്രട്ടറി തലത്തിലും വകുപ്പ് മന്ത്രി തലത്തിലും മുഖ്യമന്ത്രി തലത്തിലുമുള്ള അവലോകന യോഗങ്ങൾ നടത്തി പദ്ധതി പുരോഗതി വിലയിരുത്തുന്നു.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നതിനും, കാലതാമസം ഒഴിവാക്കുന്നതിനും വേണ്ടി ഡയറക്ടറേറ്റ് തലത്തിൽ വീഡിയോ കോൺഫറൻസുകളും , ഫീൽഡ് ഓഫീസർമാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി അവലോകന യോഗങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ഡയറക്ടറേറ്റിൽ നിയന്ത്രണോദ്യോഗസ്ഥർ ജില്ലാ ഓഫീസുകൾ സന്ദർശിച്ച് പദ്ധതി അവലോകനം നടത്തുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റ്റി.എസ്.പി. ഫണ്ട് ലാപ്സാകാതിരിക്കാൻ വേണ്ടി ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിൽ അവലോകനം നടത്താറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിൻറ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നി വർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്. |
| (ഇ) | എങ്കിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി കഴിഞ്ഞ 8 വർഷമായി നടപ്പിലാക്കിയ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികളും അവയുടെ നടത്തിപ്പും ഓരോ മേഖലയിലും ഉണ്ടായ നേട്ടങ്ങളും സംബന്ധിച്ച മോനിട്ടറിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്തായിരുന്നു; വ്യക്തമാക്കുമോ; | (ഇ) (&) (എഫ്) | ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ വിലയിരുത്തുന്നതിനായി സ്ഥിരമായ മോണിറ്ററിംഗ് സംവിധാനമുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പ്ലാൻ മോണിറ്ററിംഗ് സംവിധാനമായ പ്ലാൻ സ്പെയ്സും നിലവിലുണ്ട്. നിലവിലുള്ള സംവിധാനം പര്യാപ്തമാണ്. |
| (എഫ്) | ഇല്ലെങ്കിൽ ഇത്തരം പദ്ധതികൾ പരിശോധിക്കുന്നതിന് സ്ഥിരമായ മോനിട്ടറിംഗ് സംവിധാനങ്ങൾ സജ്ജമാക്കുന്നതിനും, തദ്വാരാ സർക്കാരിന്റെ പദ്ധതികൾ അർഹതപ്പെട്ടവരിൽ കൃത്യമായി എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും, അടിയന്തരമായി സംസ്ഥാന-ജില്ലാതല മോനിട്ടറിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നതിനു നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**